# DESABHIMANI 07-11-2020

# നിറം പറയും മീനിന്റെ ഗുണം

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

മീൻ നല്ലതാണോ എന്നറിയാൻ മണത്തുനോക്കുന്ന രീതിയൊക്കെ പഴഞ്ചൻ. മത്സ്യപ്പാക്കറ്റിലെ സ്ലിപ്പ് മീനിന്റെ ഗുണം പറയും. മഞ്ഞയെങ്കിൽ നല്ല മീൻ. നിറം ചുമപ്പായാൽ ചീത്തയായെന്ന് ഉറപ്പിക്കാം. വാങ്ങുന്നയാൾക്ക് നിറം നോക്കി ഗുണം നിശ്ചയിക്കാൻ അവസരമൊരുക്കുകയാണ് സംസ്ഥാന തീരദേശ വികസന കോർപറേഷൻ.

ശുദ്ധമായ മത്സ്യോൽപന്നങ്ങൾ സംസ്കരിച്ച് പുതുമ നഷ്ടപ്പെടാതെ വിതരണം ചെയ്യുന്നതുൾപ്പെടെയുള്ള സംരംഭകപ്രവർത്തനങ്ങൾ അടങ്ങുന്ന പരിവർത്തനം പദ്ധതിക്ക് കോർപറേഷൻ തുടക്കമിട്ടു. ഫിഷറീസ് മന്ത്രി ജെ മേഴ്സിക്കുട്ടി അമ്മ പദ്ധതി ഉദ്ഘാടനം ചെയ്തു. മൂല്യവർധിത ഉൽപന്നങ്ങളുടെ കിറ്റ് ധനമന്ത്രി ഡോ. തോമസ് ഐസക് ഏറ്റുവാങ്ങി.



മൂല്യവർധിത ഉൽപന്നങ്ങളുടെ കിറ്റ് മന്ത്രി ജെ മേഴ്സിക്കുട്ടി അമ്മ മന്ത്രി തോമസ് ഐസക്കിന് കൈമാറുന്നു

'പരിവർത്തനം പദ്ധതി പുസ്തകം' ധനമന്ത്രി പ്രകാശനം ചെയ്തു. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സിഫ്റ്റ്), സൊസൈറ്റി ഫോർ അഡ്വാൻസ്ഡ് ടെക്നോളജി ആൻഡ് മാനേജ്മെന്റ് എന്നിവയുടെ സാങ്കേതികവിദ്യാ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. തീരദേശ വികസന കോർപറേഷൻ മാനേജിങ് ഡയറക്ടർ പി ഐ ഷെയ്ക് പരീത്, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി പ്രതിനിധി ഡോ. അശോക്കുമാർ, സൊസൈറ്റി ഫോർ അഡ്വാൻസ്ഡ് ടെക്നോളജി ആൻഡ് മാനേജ്മെന്റ് പ്രതിനിധി റോയ് വി നാഗേന്ദ്രൻ എന്നിവർ സംസാരിച്ചു.

പൊതു–സ്വകാര്യ പങ്കാളിത്തത്തിൽ സംരംഭകത്വ മേഖലയ്ക്കും ഊന്നൽ നൽകിയായിരിക്കും പദ്ധതി നടപ്പാക്കുക. സംസ്ഥാന സർക്കാരും സിഫ്റ്റും തദ്ദേശഭരണ സ്ഥാപനങ്ങളും നടപ്പാക്കാൻ കൈകോർക്കും.

സംഭരണം, സംസ്കരണം, ഉൽപ്പന്ന ഗുണമേന്മ എന്നിവയ്ക്ക് സിഫ്റ്റ് മേൽനോട്ടമുണ്ടാകും. സംരംഭകത്വ സംഘങ്ങളിലൂടെ പദ്ധതി നടപ്പാക്കുക തീരദേശ വികസന കോർപറേഷനായിരിക്കും.